പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ : 357 28.06.2011 ന് മറുപടിക്ക്

## ലോകബാങ്കിൽ നിന്നും വനം വകുപ്പ് എടുത്ത വായ്പ

====================================

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ : | | ശ്രീ. കെ.ബി. ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| എ) | ലോകബാങ്കിൽ നിന്നും സംസ്ഥാന വനം വകുപ്പ് എത്ര രൂപ വായ്പ എടുത്തിട്ടുണ്ട് ; | എ) | ലോകബാങ്കിൽ നിന്നും സംസ്ഥാന വനം വകുപ്പ് ആകെ 195.45 കോടി രൂപ വായ്പ എടുത്തിട്ടുണ്ട്. |
| ബി) | ഏതെല്ലാം കാലയളവിൽ എത്ര രൂപ വീതമാണ് വായ്പ എടുത്തത് എന്ന വിശദാംശം പ്രത്യേക സ്റ്റേറ്റ്മെൻറായി നൽകുമോ; | ബി) | ലോകബാങ്കിൽ നിന്നും സംസ്ഥാന വനം വകുപ്പ് 1983-1993 കാലയളവിൽ സാമൂഹ്യവനവൽക്കരണ പദ്ധതിക്കായി 60.30 കോടി രൂപയും, 1998-2003 കാലയളവിൽ കേരളാ ഫോറസ്ട്രി പ്രോജക്ട് പദ്ധതിക്കായി 135.15 കോടി രൂപയും വായ്പ എടുത്തിട്ടുണ്ട്. |
| സി) | ഓരോ കാലത്തും എടുത്ത തുകയും തിരിച്ചടവ് സംബന്ധിച്ച വിവരങ്ങളും പ്രസ്തുത വായ്പാ തുക എന്തെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചു എന്നും വ്യക്തമാക്കുമോ; | സി) | വിവിധ കാലയളവിൽ എടുത്ത വായ്പയുടെ വിവരം മേൽ ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വായ്പ തിരിച്ചടയ്ക്കുന്നത് കേന്ദ്രസർക്കാരാണ് സംസ്ഥാനത്തിന്റെ വാർഷിക ബഡ്ജറ്റിന്റെ പ്ലാൻ പദ്ധതിയിൽ നിന്നുമാണ് ടി വായ്പ തുക കേന്ദ്ര സർക്കാർ തിരിച്ചടയ്ക്കുന്നത്. അതിന്റെ വിശദാംശങ്ങൾ വനം വകുപ്പിൽ ലഭ്യമല്ല.<br>1983-1993 കാലയളവിൽ ലഭിച്ച തുക സാമൂഹ്യ വനവൽക്കരണ പദ്ധതി നടപ്പിലാക്കുന്നതിന് വിനിയോഗിച്ചു. പ്രധാനമായും റോഡ്, കെട്ടിടം എന്നിവയുടെ നിർമ്മാണത്തിനും വകുപ്പിനാവശ്യമായ വാഹനങ്ങൾ ആധുനിക ഉപകരണങ്ങൾ മുതലായവ വാങ്ങിക്കുന്നതിനും മരത്തൈകൾ ഉൽപ്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും, തരിശുഭൂമികളിലും പുറംപോക്കുകളിലും റോഡ്-റെയിൽവെ വശങ്ങളിലും മറ്റും തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും പരിചരണം നടത്തുന്നതിനും, |

വിവിധ ടാർജെറ്റ് ഗ്രൂപ്പുകൾക്ക് പരിശീലനം നൽകുന്നതിനും, ഗവേഷണങ്ങളും ഗവേഷണ പഠനങ്ങളും നടത്തുന്നതിനും കൂടാതെ ജീവനക്കാരുടെ ശമ്പളം, വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ നിത്യോപയോഗത്തിനുള്ള ചെലവുകൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കും വേണ്ടിയാണ് ഈ തുക ചെലവാക്കിയിട്ടുള്ളത്.

1998-2003 കാലയളവിൽ ലഭിച്ച തുക കേരള ഫോറസ്റ്റ് പ്രോജക്ട് സ്കീമിൽ ഉൾപ്പെടുത്തി സെക്ടർ മാനേജ്മെൻറ് വനപരിപാലനം, ജൈവവൈവിധ്യ പരിപാലനം എന്നീ ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചത്.

| | |
|---|---|
| ഡി) പ്രസ്തുത വായ്പ എടുത്ത് നടത്തിയ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിന്റെ വന വിസ്തൃതി വർദ്ധിക്കുകയുണ്ടായോ; | ഡി) 1983-93 കാലയളവിലെ വായ്പയെടുത്ത് നടത്തിയ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിന്റെ വനേതരഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചതുകാരണം മൊത്തത്തിലുള്ള വൃക്ഷാവരണ വിസ്തൃതി വർദ്ധിക്കുകയുണ്ടായി. 1998-2003 കാലയളവിലെ വായ്പ എടുത്തു നടത്തിയ പ്രവർത്തനങ്ങളിലൂടെ നിലവിലുള്ള വനങ്ങൾ പരിപോഷിപ്പിച്ചതുവഴി വനത്തിന്റെ സാന്ദ്രത വർദ്ധിച്ചിട്ടുണ്ട്. |
| ഇ) എങ്കിൽ 2001, 2005, 2010 എന്നീ വർഷങ്ങളിലെ വന വിസ്തൃതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഇ) ഫോറസ്റ്റ് സർവേ ഓഫ് ഇൻഡ്യയുടെ 2001, 2005, 2009 എന്നീ വർഷങ്ങളിലെ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് പ്രകാരം കേരളത്തിന്റെ വനവും വൃക്ഷാവരണ വിസ്തൃതിയും യഥാക്രമം 16,706 ചതുരശ്ര കിലോമീറ്റർ, 18,227 ചതുരശ്ര കിലോമീറ്റർ, 20,125 ചതുരശ്ര കിലോമീറ്റർ എന്നിങ്ങനെയാണ്. ഈ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി ചെറിയ സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശങ്ങളിലെയും വനവും വൃക്ഷാവരണവും വർദ്ധിപ്പിച്ചതിന് നൽകി വരുന്ന ഇന്ദിര പ്രിയദർശിനി വൃക്ഷമിത്ര അവാർഡ് 2008 ൽ കേരള വനം വകുപ്പിന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ